**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 209** **10-06-2024 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണ പദ്ധതികൾക്ക് ഉണ്ടായിരിക്കുന്ന തടസ്സം വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിരിക്കുന്ന എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിലേക്ക് 2022-2023-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയ പ്ലാനുകൾ ഡയറക്ടറേറ്റിൽ നിന്നും അംഗീകരിച്ച് നൽകിയിരുന്നതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് എന്ന സ്ഥാപനത്തിനായി കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുണ്ടാകുമെന്ന് പൊതുമരാമത്തുവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനിൽ മാറ്റംവരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കി പ്രൊപ്പോസൽ അംഗീകരിച്ച് നൽകുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റിൽ നടന്നുവരുന്നു. രണ്ട് സ്ഥാപനങ്ങളിലും പ്ലോട്ട് ക്ലിയർ ചെയ്യുന്നതിൻറെ ഭാഗമായി പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി ഉത്തരവ് ഡയറക്ടറേറ്റിൽ നിന്നും നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഡിമോളിഷൻ നടപടികൾ നടന്നു വരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഡിഎച്ച്എസ്-20416, 20431 എന്നീ നമ്പർ ഫയലുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | എസ്റ്റിമേറ്റുകൾ തയ്യാക്കിയിട്ടില്ല. 24.01.2024 തീയതിയിലെ പി.എൽ.ബി2-20431/2023, പി.എൽ.ബി2-20416/2023എന്നിവ പ്രകാരം |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാമോ; | | യഥാക്രമം എഫ്.എച്ച്.സി. കടപ്ലാമറ്റം, എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് എന്ന സ്ഥാപനത്തിനായി കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ പ്ലാനിൽ മാറ്റം വരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയത് അംഗീകരിച്ചു നൽകുന്നതിനുള്ള ഫയൽ നടപടികൾ നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എഫ്.എച്ച്.സി. മരങ്ങാട്ടുപള്ളിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.<br><br>മരങ്ങാട്ടുപള്ളി കുടുംബാരോഗ്യകേന്ദ്രത്തിന് പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകിയ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്കായി പുതിയ കെട്ടിടം പണിയുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ടോ; ആയതിന്റെ എസ്റ്റിമേറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | എസ്റ്റിമേറ്റുകൾ തയ്യാക്കിയിട്ടില്ല. 24.01.2024 തീയതിയിലെ പി.എൽ.ബി2-20431/2023, പി.എൽ.ബി2-20416/2023എന്നിവ പ്രകാരം യഥാക്രമം എഫ്.എച്ച്.സി. കടപ്ലാമറ്റം, എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് എന്ന സ്ഥാപനത്തിനായി കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ പ്ലാനിൽ മാറ്റം വരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയത് അംഗീകരിച്ചു നൽകുന്നതിനുള്ള ഫയൽ നടപടികൾ നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എഫ്.എച്ച്.സി. മരങ്ങാട്ടുപള്ളിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.<br><br>മരങ്ങാട്ടുപള്ളി കുടുംബാരോഗ്യകേന്ദ്രത്തിന് പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി നൽകിയ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വർക്കുകൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റുകൾ തയ്യാക്കിയിട്ടില്ല. 24.01.2024 തീയതിയിലെ പി.എൽ.ബി2-20431/2023, പി.എൽ.ബി2-20416/2023എന്നിവ പ്രകാരം യഥാക്രമം എഫ്.എച്ച്.സി. കടപ്ലാമറ്റം, എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് എന്ന സ്ഥാപനത്തിനായി കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ പ്ലാനിൽ മാറ്റം വരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയത് അംഗീകരിച്ചു നൽകുന്നതിനുള്ള ഫയൽ നടപടികൾ നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എഫ്.എച്ച്.സി. മരങ്ങാട്ടുപള്ളിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.<br><br>മരങ്ങാട്ടുപള്ളി കുടുംബാരോഗ്യകേന്ദ്രത്തിന് പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകിയ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ